**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 542** **23-07-2021 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം സീവറേജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം മണ്ഡലത്തിൽ നടന്നുവരുന്ന സീവറേജ് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ കണ്ണമ്മൂല -അയ്യൻകാളി റോഡിൽ നിന്നും തുടങ്ങി പടിഞ്ഞാറ്റിൻ ലൈനിൽ (സ്റ്റേറ്റ് പ്ലാൻ പദ്ധതി) പുതുതായി നിർമ്മിക്കുന്ന പൊതു മാൻഹോളിലേക്ക് 200 mm മുതൽ 300 mm വരെ വ്യാസമുള്ള സീവർ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 15% പൂർത്തിയായി. 8 മാസം കൊണ്ട് പണികൾ പൂർത്തീകരിക്കാനാവും. അമൃത് പദ്ധതിയി ലുൾപ്പെടുത്തി കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ സീവറേജ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. സീവറേജ് പദ്ധതിയുടെ ചില പ്രവൃത്തികൾക്ക് നിരവധി തവണ ദർഘാസുകൾ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനാൽ അവയുടെ എസ്റ്റിമേറ്റ് പുതുക്കി അവയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതായി വന്നിട്ടുണ്ട്. ഇടയ്ക്കിടയ്ക്കുള്ള കനത്ത മഴ പദ്ധതികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ദേശീയ പാത മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. അതിന് ദേശീയ പാത അതോറിറ്റിയിൽ നിന്നും അനുമതി ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസവും പദ്ധതികളുടെ പുരോഗതിയെ ബാധിച്ചു. പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്ത് പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വിവറേജ് പദ്ധതികളും അവയുടെ പുരോഗതിയും പൂർത്തീകരണ തീയതിയും അനുബന്ധമായി ചേർക്കുന്നു പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നത് ഉറപ്പാക്കുന്നതിനും ജോലിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനും സർക്കിൾ ഓഫീസ് തലത്തിൽ വിശദമായ കരാർ തിരിച്ചുള്ള അവലോകനം നടത്തി. വിശദമായ വർക്ക് പ്ലാൻ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും നിലവിൽ പണി |

| | | | |
|---|---|---|---|
| | | | പുനരാരംഭിക്കുകയും ത്വരിത ഗതിയിൽ നടക്കുകയും ചെയ്യുന്നു. നടന്നുകൊണ്ടിരിക്കുന്ന ജോലികൾ സൂക്ഷ്മമായി നിരീക്ഷിക്കാനും സൈറ്റിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ തടസ്സങ്ങൾ സംബന്ധിച്ച് ഉന്നത അധികാരികളുടെ ശ്രദ്ധ ക്ഷണിക്കാനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. എല്ലാ പ്രവർത്തികളും മാർച്ച് 2022ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ; | (ബി) | കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ കണ്ണമ്മൂല -അയ്യൻകാളി റോഡിൽ നിന്നും തുടങ്ങി പടിഞ്ഞാറ്റിൻ ലൈനിൽ (സ്റ്റേറ്റ് പ്ലാൻ പദ്ധതി) പുതുതായി നിർമ്മിക്കുന്ന പൊതു മാൻഹോളിലേക്ക് 200 mm മുതൽ 300 mm വരെ വ്യാസമുള്ള സ്വീവർ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 15% പൂർത്തിയായി. 8 മാസം കൊണ്ട് പണികൾ പൂർത്തീകരിക്കാനാവും. അമൃത് പദ്ധതിയിലുൾപ്പെടുത്തി കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ സ്വീവറേജ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. സ്വീവറേജ് പദ്ധതിയുടെ ചില പ്രവൃത്തികൾക്ക് നിരവധി തവണ ദർഘാസുകൾ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനാൽ അവയുടെ എസ്റ്റിമേറ്റ് പുതുക്കി അവയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതായി വന്നിട്ടുണ്ട്. ഇടയ്ക്കിടയ്ക്കുള്ള കനത്ത മഴ പദ്ധതികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ദേശീയ പാത മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. അതിന് ദേശീയ പാത അതോറിറ്റിയിൽ നിന്നും അനുമതി ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസവും പദ്ധതികളുടെ പുരോഗതിയെ ബാധിച്ചു. പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്ത് പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വിവറേജ് പദ്ധതികളും അവയുടെ പുരോഗതിയും പൂർത്തീകരണ തീയതിയും അനുബന്ധമായി ചേർക്കുന്നു പ്രവർത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നത് ഉറപ്പാക്കുന്നതിനും ജോലിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനും സർക്കിൾ ഓഫീസ് തലത്തിൽ വിശദമായ കരാർ തിരിച്ചുള്ള അവലോകനം നടത്തി. വിശദമായ വർക്ക് പ്ലാൻ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും നിലവിൽ പണി പുനരാരംഭിക്കുകയും ത്വരിത ഗതിയിൽ നടക്കുകയും ചെയ്യുന്നു. നടന്നുകൊണ്ടിരിക്കുന്ന ജോലികൾ സൂക്ഷ്മമായി നിരീക്ഷിക്കാനും സൈറ്റിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ തടസ്സങ്ങൾ സംബന്ധിച്ച് ഉന്നത അധികാരികളുടെ ശ്രദ്ധ ക്ഷണിക്കാനും |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. എല്ലാ പ്രവർത്തികളും മാർച്ച് 2022ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | കരിക്കകം, ശ്രീകാര്യം, ലയോള എന്നിവിടങ്ങളിലെ വാട്ടർ ടാങ്കുകൾ പ്രവർത്തനക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | കേരള ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ നിർദ്ദേശം അനുസരിച്ച് വെള്ളത്തിൽ നൈട്രേറ്റിന്റെ അളവ് അനുവദനീയ അളവിൽ കൂടുതൽ ആയതിനാൽ blue baby syndrome ഉണ്ടാകുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് 2015 ൽ കരിക്കകം പമ്പ് ഹൗസിന്റെ പ്രവർത്തനം നിർത്തിയതാണ്. തുടർന്ന് JICA Scheme കമ്മീഷൻ ചെയ്തതിന് ശേഷം ജെൻറം ലൈൻ വഴി കുടിവെള്ള വിതരണം ടി ഭാഗത്ത് നടത്തി വരുന്നു . 06/05/2021 ൽ മുൻ ദേവസ്വം വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിന്റെ തീരുമാന പ്രകാരം ടി പമ്പ്ഹൗസിലെ വെള്ളം ഫ്ലഷ് ചെയ്ത് ഗുണ നിലവാരം വീണ്ടും പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലയോള ടാങ്കിൽ മുൻകാലങ്ങളിൽ വെള്ളം കയറ്റിയിരുന്നു. എന്നാൽ ഇപ്പോൾ ടാങ്കിൽ കയറ്റാതെ തന്നെ നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള ജലം ലഭിക്കുന്നുണ്ട്. ശ്രീകാര്യം പോങ്ങുംമൂട് വാട്ടർ ടാങ്കിൽ നിലവിൽ വെള്ളം കയറ്റുകയും അതിൽ നിന്നും സുഗമമായി ജലവിതരണം നടത്തുകയും ചെയ്യുന്നുണ്ട്. KIIFB ധനസഹായത്തോടെ പേരൂർക്കടയിൽ നിന്ന് മൺവിള വരെ പോകുന്ന 900 PSC line 1219, 1118, 914, 813 & 711 മില്ലീമീറ്റർ വ്യാസമുള്ള എം.എസ് പൈപ്പുകൾ ഉപയോഗിച്ച് റീപ്ലേസ് ചെയ്യുന്ന പ്രവർത്തികൾ നടന്നുവരികയാണ്. പുതിയ 700 mm എം എസ് ലൈനിൽ നിന്ന് ലയോള ടാങ്കിലേക്ക് കണക്ട് ചെയ്യാവുന്നതാണ്. |
| (ഡി) | പുതുകുന്ന് വാട്ടർ ടാങ്കിൽ നിന്ന് എല്ലാ ദിവസവും ഹൈലെവൽ പമ്പിംഗ് നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ഡി) | പുതുക്കുന്ന് പമ്പ് ഹൗസിൽ ആഴ്ചയിൽ രണ്ട് ദിവസം ലോ ലെവൽ ടാങ്കിന്റെ ജല ലഭ്യത അനുസരിച്ച് ഹൈ ലെവൽ ടാങ്കിലേക്ക് പമ്പ് ചെയ്യുന്നുണ്ട്. ചൊവ്വാഴ്ച രാത്രി 10 മണി മുതൽ ബുധനാഴ്ച രാത്രി 10 മണി വരെയും (24 മണിക്കൂർ ) വെള്ളിയാഴ്ച രാത്രി 10 മണി മുതൽ ശനിയാഴ്ച രാത്രി 10 മണി വരെയുമാണ് സാധാരണ പമ്പ് ചെയ്യുന്നത്. പേരൂർക്കടയിൽ നിന്ന് മൺവിള വരെ എം.എസ് പൈപ്പുകൾ സ്ഥാപിക്കുമ്പോൾ പ്രസ്തുത ലൈനിൽ നിന്ന് 600 mm DI ബ്രാഞ്ച് വഴി കരിയത്ത് വച്ച് പുതുകുന്ന് ടാങ്കിലേക്ക് പോകുന്ന 600 mm DI പൈപ്പുമായി ബന്ധിപ്പിക്കാവുന്നതാണ്. |
| (ഇ) | 2021-22 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന കഴക്കൂട്ടം-ശ്രീകാര്യം-ആക്കുളം സീവറേജ് | (ഇ) | 2021-22 വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 50 കോടി അടങ്കൽ തുക കണക്കാക്കി ഈ സാമ്പത്തിക |

| | | | |
|---|---|---|---|
| | പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ? | | വർഷത്തിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

നിയമസഭാ ചോദ്യം നം. 542 അനുബന്ധം (എ, ബി)

# കേരള ജല അതോറിറ്റി
## പി.എച്ച് .സർക്കിൾ , തിരുവനന്തപുരം

| ½‰ £ œØ Ü | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി | പൂർത്തീകരിക്കാനുദ്ദേശിക്കുന്ന തീയതി |
|---|---|---|---|
| 1 | മെഡിക്കൽ കോളേജിൽ 5 എം.എൽ.ഡി. ശേഷിയുള്ള സ്വീവേജ് ശുദ്ധീകരണശാലയുടെ നിർമ്മാണം | പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. 15.08.2021–ന് കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നു. | 15.08.2021 |
| 2 | ഇടത്തറയിൽ സ്വീവറേജ് പമ്പ്ഹൗസ് നിർമ്മിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു, 8% പൂർത്തിയായി | 31.03.2022 |
| 3 | ഇടത്തറ മുതൽ മുട്ടത്തറ വരെ സ്വീവറേജ് പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു, 69% പൂർത്തിയായി. | 31.12.2021 |
| 4(a) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പുലയനാർക്കോട്ട മുതൽ ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ മാൻഹോൾ10 വരെ സ്വീവറേജ് ട്രങ്ക് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്–1). | പ്രവൃത്തികൾ പുരോഗമിക്കുന്നു, 37% പൂർത്തിയായി. | 31.12.2021 |
| 4(b) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പേട്ട – വെൺപാലവട്ടം റോഡിലൂടെയും, ഗ്രീൻപാർക്ക് റോഡിലൂടെയും ആമയിഴഞ്ചാൻ തോടിനു വശത്തുകൂടി ഇടത്തറ മേഖലയിലെ മാൻഹോൾ7 വരെ സ്വീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്–2). | ഇറിഗേഷൻ വകുപ്പ് ആമയിഴഞ്ചാൻ തോടിന് പാർശ്വഭിത്തി നിർമ്മിച്ചാലേ പൈപ്പ്ലൈൻ സ്ഥാപിക്കാനാവുകയുള്ളൂ. | |
| 4(c) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി ഉദയ ഗാർഡനിലെ സ്റ്റില്ലിംഗ് ചേമ്പർ മുതൽ മാൻഹോൾ 89 വരെ സ്വീവറേജ് ട്രങ്ക് മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ് –3). | പ്രവൃത്തികൾ പുരോഗമിക്കുന്നു, 53% പൂർത്തിയായി. | 31.10.2021 |
| 4(d) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി പേട്ട അരശുംമൂട് ജങ്ഷൻ മുതൽ ഇടത്തറ പമ്പിംഗ് സ്റ്റേഷനിലെ മാൻഹോൾ7 വരെ സ്വീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ് –4) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 20% പൂർത്തിയായി. | 31.12.2021 |
| 4(e) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി മാൻഹോൾ 110 മുതൽ മാൻഹോൾ 150 വരെ സ്വീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്–5) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 10% പൂർത്തിയായി. | 31.03.2022 |
| 4(f) | ഇടത്തറ (എൽ) ബ്ലോക്കിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കലിന്റെ ഭാഗമായി മാൻഹോൾ 10 മുതൽ കിംസ് ആശുപത്രി വരെ എച്ച്.ഡി.ഡി. രീതിയിൽ സ്വീവറേജ് പൈപ്പ്ലൈൻ സ്ഥാപിക്കൽ (പാക്കേജ്–5) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 25% പൂർത്തിയായി. | 31.12.2021 |

| | | | |
|---|---|---|---|
| 5 | ഇടത്തറ പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. | |
| 6 | ആക്കുളത്ത് സ്വീവറേജ് പമ്പിംഗ് സ്റ്റേഷന്റെ നിർമ്മാണം (ബ്ലോക്ക് – കെ) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 25% പൂർത്തിയായി. | 31.12.2021 |
| 7 | ആക്കുളം പമ്പിംഗ് സ്റ്റേഷൻ മുതൽ പുലയനാർകോട്ട സ്റ്റില്ലിംഗ് ചേമ്പർ വരെ 450 മി.മീ. വ്യാസമുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. | പൂർത്തിയായി. |
| 8 | കുഴിവിള മുതൽ ആക്കുളം വരെ സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ (ബ്ലോക്ക് – കെ) – ബൈപ്പാസ് ജങ്ഷനിലെ സ്റ്റില്ലിംഗ് ചേമ്പർ മുതൽ ആക്കുളം പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു, 37% പൂർത്തിയായി. | 31.12.2021 |
| 9 | ആക്കുളം പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. | |
| 10 | കരിമണലിൽ സ്വീവറേജ് പമ്പിംഗ് സ്റ്റേഷൻ നിർമ്മിക്കൽ (ബ്ലോക്ക് – ജെ) | പ്രവൃത്തികൾ പുരോഗമിക്കുന്നു, 66% പൂർത്തിയായി | 31.12.2021 |
| 11 | കരിമണൽ മുതൽ കുഴിവിള വരെ 350 മി.മീ. വ്യാസമുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. | പൂർത്തിയായി. |
| 12 | കരിമണൽ (ബ്ലോക്ക്–ജെ)യിൽ സ്വീവറേജ് നെറ്റ് വർക്കും ട്രാൻസ്മിഷൻ മെയിനും സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു, 26% പൂർത്തിയായി. | 31.12.2021 |
| 13(a) | കഴക്കൂട്ടം ഏരിയ മുതൽ എൽ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷൻ മുതൽ അരശുംമൂട് സ്റ്റില്ലിംഗ് ചേമ്പർ വരെ 350 മി.മീ. പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പൂർത്തിയായി. | പൂർത്തിയായി. |
| 13(b) | കഴക്കൂട്ടം ഏരിയ മുതൽ എൽ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിൽ പമ്പിംഗ് സ്റ്റേഷൻ സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു, 3% പൂർത്തിയായി. | 24.02.2022. |
| 13(c) | കഴക്കൂട്ടം ഏരിയ മുതൽ എൽ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷനിലേയ്ക്ക് സ്വീവറേജ് ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ | പൈപ്പ്ലൈൻ സ്ഥാപിക്കലിന് പുന:രൂപകൽപ്പന ചെയ്യേ താ യിട്ടു ്. | |
| 13(d) | കഴക്കൂട്ടം ഏരിയ മുതൽ എൽ ബ്ലോക്കിലെ പമ്പിംഗ് സ്റ്റേഷൻ വരെ സ്വീവറേജ് ട്രങ്ക് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി കുളത്തൂരിലെ പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കൽ | പ്രവൃത്തികൾ പുരോഗമിക്കുന്നു, 3% പൂർത്തിയായി. | 24.02.2022. |
| 14 | കരിമണൽ പമ്പിംഗ് സ്റ്റേഷനിൽ പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ | ദർഘാസ് നടപടികൾ അവസാനഘട്ടത്തിലാണ്. | 31.01.2022 |
| 15 | മുട്ടത്തറ സ്വീവേജ് സംസ്കരണശാലയിലെ ഖരമാലിന്യം സംസ്കരിക്കുന്നതിനുള്ള പദ്ധതി | രൂപരേഖ പുതിക്കി തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. | |